മലയാള മനോരമ 24 July 2023



മികച്ച പച്ചക്കറി കൃഷിചെയ്യുന്ന സ്വകാര്യ സ്ഥാപനത്തിനുള്ള പുരസ്കാരം നേടിയ കൂനമ്മാവ് ചാവറ വൊക്കേഷനൽ ട്രെയ്നിങ് സെന്ററിലെ ചീരക്കൃഷിത്തോട്ടം.

# മികവിന്റെ പച്ചക്കറി കൃഷിക്ക് പുരസ്കാരപ്പച്ച

വരാപ്പുഴ • മികച്ച പച്ചക്കറി കൃഷിചെയ്യുന്ന സ്വകാര്യ സ്ഥാപനത്തിനുള്ള പുരസ്കാര തിളക്കത്തിൽ കൂനമ്മാവ് ചാവറ വൊക്കേഷനൽ ട്രെയ്നിങ് സെന്റർ.

കോട്ടുവള്ളി പഞ്ചായത്തിലെ ചാവറ വൊക്കേഷനൽ ട്രെയ്നിങ് സെന്ററിനോടു ചേർന്നുള്ള എട്ട് ഏക്കർ തരിശു സ്ഥലം കൃഷിക്ക് അനുയോജ്യമാക്കിയാണു വിവിധയിനം കൃഷികൾ ചെയ്യുന്നത്. കൃഷിഭവന്റെയും പ്രാർഥനാ ഫൗണ്ടേഷന്റെയും എറണാകുളം കൃഷി വിജ്ഞാൻ കേന്ദ്രയുടെയും സഹായവും ലഭിക്കുന്നുണ്ട്. ട്രെയ്നിങ് സെന്ററിലെ ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തിനും അതോടൊപ്പം സ്വയം തൊഴിലായും കൃഷി പ്രയോജനപ്പെടുന്നു കൃഷിവിജ്ഞാൻ കേന്ദ്രത്തിന്റെ സഹായത്തോടെ ഒരേക്കറിൽ ഇഞ്ചിയും മഞ്ഞളും ഒരേക്കറിൽ ചേനയും കൃഷി ചെയ്യുന്നുണ്ട്. ഇതിനുപുറമെ രണ്ടര ഏക്കറിൽ ചെറുധാന്യ കൃഷിയും ഒന്നര ഏക്കറിൽ പച്ചക്കറി വിളകളും കിഴങ്ങു വിളകളുമുണ്ട്. കൃഷിയിടത്തിൽ നിന്നു വിളവെടുക്കുന്ന പച്ചക്കറികൾ വിദ്യാർഥികൾക്ക് ഭക്ഷണമായും ബാക്കിയുള്ളവ പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും വിപണനം ചെയ്യുന്നു.

മുന്നൂറിലേറെ വിദ്യാർഥികളാണ് ഇവിടെ പഠിക്കുന്നത്. അവർക്ക് ഭക്ഷണത്തിനുള്ള പച്ചക്കറികൾ കൃഷിയിടത്തിൽ നിന്നു ലഭിക്കുന്നുണ്ട്. പച്ചക്കറികൾക്കു പുറമേ മുയലുകൾ,ആടുകൾ, പശുക്കൾ, കോഴി, താറാവ്, വാത്ത, മത്സ്യ കൃഷി എന്നിവയും വിദ്യാർഥികളുടെ നേതൃത്വത്തിൽ ചെയ്തുവരുന്നു.